# യൂണിറ്റ് : 3

# സാമ്രാജ്യത്വത്തിന്റെ വളർച്ച

1. സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ നടത്തിയ ഇടപെടലുകൾ തങ്ങളുടെ പരിഷ്കരണ ദൗത്യമായാണ് ലോകത്തോട് പറഞ്ഞത്. ഇതിന് വേണ്ടി അവർ നിരത്തിയ വാദങ്ങൾ എന്തായിരുന്നു? തങ്ങളുടെ ഭരണം നിലനിർത്താൻ എന്തെല്ലാം ഭരണ നടപടികളാണ് അവർ കോളനികളിൽ സ്വീകരിച്ചത്? **3 സ്കോർ**

---

2. ആഫ്രോ - ഏഷ്യൻ, അമേരിക്കൻ രാജ്യങ്ങളിൽ കോളനികൾ സ്ഥാപിക്കാൻ യൂറോപ്യൻ രാജ്യങ്ങളെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തെല്ലാമായിരുന്നു? **2 സ്കോർ**

---

3. കോളനികൾ സ്ഥാപിക്കാൻ കോളനികളിലെ ആഭ്യന്തര സാഹചര്യം യൂറോപ്യൻ രാജ്യങ്ങൾ തങ്ങൾക്ക് അനുകൂലമാക്കിയതെങ്ങനെയെന്ന് ഇന്ത്യയിലേയും ചൈനയിലേയും കോളനീകരണം താരതമ്യം ചെയ്ത് വിലയിരുത്തുക? **4 സ്കോർ**

---

4. 'യുറോപ്യൻ ശക്തികൾ തമ്മിലുള്ള മൽസരങ്ങൾ വെറും അതിർത്തിത്തർക്കങ്ങൾ മാത്രമായിരുന്നില്ലെന്ന് പൗരസ്ത്യ യൂറോപ്യൻ സമസ്യ തെളിയിച്ചു. എന്താണ് പൗരസ്ത്യ യൂറോപ്യൻ സമസ്യ? **3 സ്കോർ**

---

5. ഇന്ത്യയിലേയും ചൈനയിലേയും ജപ്പാനിലേയും കോളനി വിരുദ്ധ പ്രസ്ഥാനങ്ങൾ പരിശോധിക്കുക. ഇവ തമ്മിലുള്ള സാമ്യവും വ്യത്യാസവും പട്ടികപ്പെടുത്തുക? **3 സ്കോർ**

---

6. റഷ്യയുടെ മേൽ ജപ്പാനുണ്ടായ വിജയം ഏഷ്യൻ രാജ്യങ്ങളിലെ കോളനി വിരുദ്ധ സമരങ്ങൾക്ക് നൽകിയ സന്ദേശം എന്തായിരുന്നു? **2 സ്കോർ**

---

7. തൊഴിലാളി പ്രസ്ഥാനങ്ങളുടെ ആവിർഭാവം മുതലാളിത്തത്തെ പ്രതിസന്ധിയിലാക്കിയതെങ്ങിനെ? ഇതു മറികടക്കാൻ വ്യവസായികൾ സ്വീകരിച്ച നടപടിയെന്ത്? **4 സ്കോർ**

---

8. സാമ്രാജ്യത്വരാജ്യങ്ങളിലെ വ്യവസായികൾ കോളനികളിൽ മുതൽ മുടക്കാനാരംഭിച്ചത് അടിമക്കച്ചവടത്തിലേക്ക് വഴിതുറന്നു - ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? എന്തുകൊണ്ട്? **3 സ്കോർ**

---

9. 'റോമാസാമ്രാജ്യം, മൗര്യസാമ്രാജ്യം എന്നിവയുടെ തുടർച്ചയല്ല സാമ്രാജ്യത്വം എന്നത്. ഇത് പുതിയൊരു പ്രതിഭാസമാണ്' - എന്താണ് സാമ്രാജ്യത്വം? **2 സ്കോർ**

---

10. കോളനി ശക്തികളെ അടിമക്കച്ചവടത്തിനും കരാർതൊഴിലിനും പ്രേരിപ്പിച്ച സാഹചര്യം എന്ത്? **2 സ്കോർ**

---

11. കോളനീകരണം ഒരു വിശുദ്ധ ദൗത്യമാണ് എന്ന് കോളനിയജമാനൻമാർ സ്ഥാപിച്ചതെങ്ങനെ? **2 സ്കോർ**

---

12. സാമ്രാജ്യത്വവിപുലീകരണ മോഹത്തിന്റെയും രാജ്യങ്ങൾ കോളനികളാക്കാനുള്ള യൂറോപ്യൻ രാജ്യങ്ങളുടെ അത്യാർത്തിയുടെയും ഏറ്റവും നല്ല ഉദാഹരണമാണ് ആഫ്രിക്കയുടെ വീതം വെപ്പ് - ആഫ്രിക്കയുടെ വീതം വെപ്പിന്റെ സ്വഭാവം വ്യക്തമാക്കി ഈ പ്രസ്താവന പരിശോധിക്കുക? **4 സ്കോർ**

13. എന്താണ് ദേശം (Nation) എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്? ദേശീയത (Nationalism) എന്നാലെന്ത്? **2 സ്കോർ**

14. ആക്രാമക ദേശീയതയും പ്രതിരോധദേശീയതയും എങ്ങിനെ വ്യത്യാസപ്പെട്ടിരിക്കുന്നു? ഉദാഹരണസഹിതം വ്യക്തമാക്കുക? **3 സ്കോർ**

15. യൂറോപ്യൻ രാജ്യങ്ങളുടെ കമ്പോളം തേടിയുള്ള അന്വേഷണമാണ് ആഫ്രോ ഏഷ്യൻ അമേരിക്കൻ രാജ്യങ്ങളുടെ കോളനീകരണത്തിലേക്ക് നയിച്ചത് -പ്രസ്താവന വിലയിരുത്തുക. **2 സ്കോർ**

16. നിർമിത വസ്തുക്കൾക്കു പകരം മൂലധനം കയറ്റുമതി ചെയ്യാൻ യൂറോപ്യൻ രാജ്യങ്ങൾ ആരംഭിച്ചത് എന്തുകൊണ്ട്? ഇത് ആധുനിക ബാങ്കിംങ് സമ്പ്രദായത്തിന് ആരംഭംകുറിച്ചതെങ്ങനെ? **2 സ്കോർ**

17. ആഫ്രോ-ഏഷ്യൻ, അമേരിക്കൻ രാജ്യങ്ങളിലെ കോളനീകരണം ശക്തിപ്പെടുത്തുന്നതിനായി സാമ്രാജ്യത്വം സ്വീകരിച്ച നടപടികൾ ഏതെല്ലാമായിരുന്നു? **4 സ്കോർ**

18. ഇന്ത്യയിൽ ബ്രിട്ടീഷ് അധിനിവേശത്തിന് കാരണമായ രാഷ്ട്രീയ സാഹചര്യങ്ങളേവ? **2 സ്കോർ**

19. 'സാമ്രാജ്യത്വ അധിനിവേശത്തിന് അനുകൂലമായ ആഭ്യന്തരസാഹചര്യം ഇന്ത്യയിലുണ്ടായിരുന്നു.' അഭിപ്രായം സാധൂകരിക്കുക. **2 സ്കോർ**

20. ഈസ്റ്റിന്ത്യാ കമ്പനി ചൈനയുടെ മേൽ നിയന്ത്രണം നേടാൻ സ്വീകരിച്ച വളഞ്ഞ വഴികളിൽ ഒന്നാണ് കറുപ്പു കള്ളക്കടത്ത് എന്നു പറയുന്നതെന്തുകൊണ്ട്? ഇത് ചൈനയെ എങ്ങനെ ബാധിച്ചു? **2 സ്കോർ**

21. അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിന് ഇടയാക്കിയ സംഭവങ്ങൾ എന്തെല്ലാം? **2 സ്കോർ**

22. വ്യവസായ വിപ്ലവത്തിന്റെ ഫലങ്ങളിലൊന്നായി സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളുടെ ഉദയത്തിന് ഇടയാക്കിയ ഘടകങ്ങൾ എന്തൊക്കെ? ഇതിന്റെ ഫലമെന്തായിരുന്നു? **3 സ്കോർ**

23. യൂറോപ്പിലുണ്ടായ തൊഴിലാളി സംഘടനകളുടെ വളർച്ച കോളനികളിൽ മുതൽ മുടക്കാൻ മുതലാളിത്തത്തെ പ്രേരിപ്പിച്ചതെങ്ങനെ? **2 സ്കോർ**

24. കോളനിവൽക്കരണത്തിന്റെ അവിഭാജ്യ ഘടകമായി അടിമക്കച്ചവടം മാറിയതെങ്ങനെ? **1 സ്കോർ**

25. സാമ്രാജ്യത്വ ശക്തികൾ കോളനികളിൽ ഭരണം നിലനിർത്താൻ സ്വീകരിച്ച നടപടികൾ എന്ത്?

**3 സ്കോർ**

---

26. ഇറ്റലിയുടെയും ജർമനിയുടേയും ഏകീകരണത്തെ ആക്രാമക ദേശീയതയുടെ ഉദാഹരണമായി വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

**4 സ്കോർ**

---

27. സാമ്രാജ്യത്വാധിനിവേശത്തിന്റെയും കോളനിവത്ക്കരണത്തിന്റേയും അത്യാർത്തിയുടെ ഒരു ഭാഗമാണ് ആഫ്രിക്കയുടെ വീതം വെയ്പ് എന്ന് പറയുന്നതെന്തുകൊണ്ട്?

**2 സ്കോർ**

---

28. ആഫ്രിക്കൻ വീതം വെപ്പിന്റെ സവിശേഷതകൾ എന്തൊക്കെയായിരുന്നു?

**2 സ്കോർ**

---

29. ത്രിരാഷ്ട്ര സഖ്യത്തിന്റെയും ത്രിരാഷ്ട്ര ധാരണയുടെയും രൂപീകരണത്തിനിടയാക്കിയ സാഹചര്യങ്ങളെന്തെല്ലാം?

**3 സ്കോർ**

---

30. ഇന്ത്യയിൽ ഉയർന്നു വന്ന കോളനിവിരുദ്ധ ദേശീയ പ്രസ്ഥാനത്തെ പ്രതിരോധപരമായ ദേശീയത എന്നു വിളിക്കാൻ കാരണമെന്ത്?

**2 സ്കോർ**

---

31. ചൈനയിലെ ദേശീയ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ആശയങ്ങൾ ഏതെല്ലാമായിരുന്നു?

**2 സ്കോർ**

---

32. ഏഷ്യയിലെ കോളനി വിരുദ്ധ സമരങ്ങൾക്ക് ആവേശം പകരുവാൻ ജപ്പാന് കഴിഞ്ഞതെങ്ങനെയാണ്?

**2 സ്കോർ**

---

33. തങ്ങളുടെ സംസ്കാരത്തോടു വിധേയത്വമുള്ള ഒരു തലമുറയെ സൃഷ്ടിക്കുവാൻ സാമ്രാജ്യത്വശക്തികൾ കോളനികളിൽ സ്വീകരിച്ച മൂന്നു നടപടികൾ എഴുതുക?

**3 സ്കോർ**

---

34. ഇന്ത്യയുടെ കോളനിവൽക്കരണ പാതയിലെ രണ്ടു സുപ്രധാന സംഭവങ്ങളാണ് പ്ലാസി യുദ്ധവും ബക്സാർ യുദ്ധവും. ഇവയുടെ രാഷ്ട്രീയ പ്രാധാന്യമെന്ത്?

**2 സ്കോർ**

---

35. പൗരസ്ത്യ യൂറോപ്യൻ സമസ്യയിലേക്ക് നയിച്ച രണ്ടു സാഹചര്യങ്ങൾ എഴുതുക.

**2 സ്കോർ**

---